(സി) ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ വൈക്കം നിയോജക മണ്ഡലത്തിൽ അനുവദിച്ച ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വിദേശ മലയാളികൾ സംസ്ഥാനത്തെത്തിച്ച വിദേശനാണ്യം

100 (3207) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ ഈ വർഷം ഇന്ത്യയിലെത്തിച്ച വിദേശ നാണ്യത്തിൽ വിദേശ മലയാളികളുടെ പങ്കാളിത്തം എത്രത്തോളമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ വിദേശ മലയാളികൾ സംസ്ഥാനത്തെത്തിച്ച വിദേശ നാണ്യത്തിൽ എത്രത്തോളം തുക പ്രത്യുല്പാദനമേഖലയിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിദേശ മലയാളികൾ എത്തിക്കുന്ന വിദേശനാണ്യം ഫലപ്രദമായി കാർഷിക, വ്യാവസായിക മേഖലകളിൽ നിക്ഷേപിക്കുന്നതിനും, തദ്ദേശീയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സമഗ്രപദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വിദേശ നാണ്യ ബാങ്ക് ഡെപ്പോസിറ്റ് 2015 സെപ്തംബർ 30-ലെ റിപ്പോർട്ടുകൾ പ്രകാരം 2,17,283 കോടി രൂപയാണ്. ഇത് കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

മൊത്തം ബാങ്ക് നിക്ഷേപത്തിന്റെ 35.89 ശതമാനമാണ്. കേരളത്തിനും പുറത്തുള്ള ബാങ്കുകളിലും ഇത്തരം നിക്ഷേപം ഉണ്ടായേക്കാം. കേന്ദ്ര സർക്കാരിനുമാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാൻ കഴിയുകയുള്ളൂ.

(ബി) പ്രത്യുല്പാദന മേഖലയിലെ പ്രവാസി നിക്ഷേപം സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടില്ല. കഴിഞ്ഞ അഞ്ചുവർഷത്തിൽ കെ.എസ്.ഐ.ഡി.സി.-യുടെ വായ്പാ/ ഓഹരി മൂലധന സഹായത്തോടെ വിദേശ മലയാളികൾ പ്രൊമോട്ടർമാരായിട്ടുള്ള 1439.42 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) കാർഷിക/കാർഷികേതര മേഖലകളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി തദ്ദേശീയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതിയിൻകീഴിൽ മടങ്ങി വരുന്ന പ്രവാസികൾക്ക് കാർഷിക വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് മൂലധന/പലിശ സബ്സിഡിയോടെ വായ്പ ലഭ്യമാക്കി വരുന്നുണ്ട്.

റബ്ബർ വിലസ്ഥിരതാ പദ്ധതി

101 (T*3208) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കിയ വിലസ്ഥിരതാ പദ്ധതിയിലൂടെ ചെറുകിട റബ്ബർ കർഷകർക്ക് എത്ര രൂപ ഉറപ്പാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

റബ്ബർ വിലസ്ഥിരതാ പദ്ധതിയിലൂടെ ചെറുകിട റബ്ബർ കർഷകർക്ക് കിലോയ്ക്ക് 150 രൂപ നിരക്കിൽ വില ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly